**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2458** **17-03-2022 - ൽ മറുപടിയ്ക്ക്**

**സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആസ്തി വികസന ഫണ്ട് അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സർക്കാർ നിയന്ത്രണത്തിലുള്ള ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ തുടങ്ങിയ സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ നടപടി സ്വീകരിക്കാമോ; | (എ) | ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ തുടങ്ങിയ സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കീഴിൽ വരുന്ന പ്രവൃത്തികൾ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നില നിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായിട്ടാണ് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുവരുന്നത്. |
| (ബി) | ഇതുസംബന്ധിച്ച് ആവശ്യം ഉന്നയിച്ച് നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രസ്തുത ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ? | (ബി) | ഇതു സംബന്ധിച്ച് ശുപാർശകൾ ഒന്നും നിലവിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ